# പി.എസ്.വി.പി.എം.എച്ച്.എസ്.എസ്

ഐരവൺ

സബ്ജില്ല: കോന്നി

ജില്ല: പത്തനംതിട്ട

റവന്യൂജില്ല : പത്തനംതിട്ട



01.02.2025

# പരിവർത്തനം

## അക്കാദമിക മാസ്റ്റർപ്ലാൻ

തീയതി : 01.02.2025

# P.S.V.P.M.H.S.S., AYRAVON

## വിഷൻ 100 അക്കാദമിക്

## മാസ്റ്റർ

## ഡെവലപ്മെന്റ് പ്ലാൻ

# ഉള്ളടക്കം

എന്താണ് അക്കാദമിക് മാസ്റ്റർ പ്ലാൻ

ആമുഖം

പൊതുലക്ഷ്യങ്ങൾ

ഗുണമേന്മാ പദ്ധതിയുടെ വിശദാംശങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾ (എൽ.പി, യു.പി., എച്ച്.എസ്., എച്ച.എസ്.എസ്)

പ്രവർത്തന വിശദാംശം

എംപവറിംഗ് ഇംഗ്ലീഷ് പ്രോഗ്രാം

സ്കൂൾ ബാങ്കിംഗ്

പഠനവും പഠനയാത്രകളും

ഹൈടെക് ക്ലാസ് മുറികൾ

വീട്ടിലെ ടീച്ചർ അമ്മ (എൽ.പി. കുട്ടികൾക്കായി)

ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷീവികാസം

സ്വയം വിലയിരുത്തൽ രീതി

ഉപസംഹാരം

## എന്താണ് അക്കാദമിക മാസ്റ്റർ പ്ലാൻ

ഒരു വിദ്യാഭ്യാസ സ്ഥാപനം ഭാവിയിൽ എങ്ങനെയായിത്തീരുമെന്ന് വിഭാവനം ചെയ്ത് അതിനായി ഏറ്റെടുക്കുന്ന അക്കാദമിക ദൗത്യത്തെ വിവരിക്കുന്ന രേഖയാണിത്. അതായത് വിദ്യാലയം അതിന്റെ ഭാവി വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ലക്ഷ്യത്തിലെത്തിച്ചേരാൻ ആസൂത്രണം ചെയ്യുന്ന പദ്ധതികളുൾപ്പെടുന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

# പി.എസ്.വി.പി.എം.എച്ച്.എസ്.എസ്. ഐരവൺ

## മിഷൻ 100 - അക്കാദമിക് മാസ്റ്റർപ്ലാൻ

### ആമുഖം

കോന്നി ടൗണിൽ നിന്നും 3 കി.മീ കിഴക്കു മാറി അരുവാപ്പുലം പഞ്ചായത്തിൽ 15-ാം വാർഡിൽ ഐരവൺ ഗ്രാമത്തിൽ വനാതിർത്തിയോടു ചേർന്ന് സ്കൂൾ സ്ഥിതി ചെയ്യുന്നു.

1936 ൽ പി.എസ്. വേലുപ്പിള്ള രാമചന്ദ്രവിലാസം എന്ന പേരിൽ സ്ഥാപിച്ച ഈ സ്കൂൾ 1956 ൽ യു.പി. സ്കൂൾ ആയും 1964 ൽ ഹൈസ്കൂൾ ആയും 2000 ൽ ഹയർസെക്കന്ററി ആയും മാറി.

സർവ്വപുരോഗതിയുടെയും അടിസ്ഥാനശിലയായി സമൂഹം കാണുന്ന പൊതുവിദ്യാലയങ്ങളുടെ എല്ലാ ചിട്ടവട്ടങ്ങളോടെയും മുന്നോട്ട് പോകുന്ന ഈ സ്കൂൾ പ്രഗത്ഭരായ അധ്യാപകരുടെ സേവനത്താൽ ധന്യമാണ്.

ഒന്നുമുതൽ 10 വരെ 21 ഡിവിഷനാണ് സ്കൂളിനുള്ളത്. 590 കുട്ടികൾ ഇവിടെ പഠിക്കുന്നു. 33 അധ്യാപകരും 4 അനധ്യാപകരും ഉണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി എസ്.എസ്.എൽ.സി. ക്ക് 100% വിജയവും ഉയർന്ന ഗ്രേഡുകളും നമ്മുടെ സ്കൂൾ കരസ്ഥമാക്കുന്നുണ്ട്. അതുപോലെ കലാകായിക രംഗങ്ങളിലും മികവു തെളിയിച്ച കുട്ടികളാണ് ഇവിടെയുള്ളത്. സംസ്ഥാന കലോത്സവത്തിലെ സ്ഥിര സാന്നിദ്ധ്യമാണ് നമ്മുടെ സ്കൂൾ. 50 കുട്ടികൾ വീതമുള്ള എൻ.സി.സി. ബാച്ച് സ്കൂളിന്റെ അഭിമാനമാണ്.

ഹയർസെക്കന്ററി വിഭാഗത്തിൽ രണ്ട് സയൻസ് ബാച്ചും ഒരു ഹ്യുമാനിറ്റീസ് ബാച്ചും കൊമേഴ്സിന്റെ ഒരു അൺഎയ്ഡഡ് ബാച്ചും ആണുള്ളത്. പ്ലസ് വൺ, പ്ലസ് ടു സയൻസ് ബാച്ചുകളിൽ 119 കുട്ടികൾ വീതവും പ്ലസ് വൺ ഹ്യുമാനിറ്റീസ് ൽ 45 കുട്ടികളും പ്ലസ് ടു കോമേഴ്സിൽ 44 കുട്ടികളും 23 അധ്യാപകരും 4 അനധ്യാപകരും ഉണ്ട്.

എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി., സ്കൗട്ട് & ഗൈഡ്സ് എന്നീ പാഠ്യേതര പ്രവർത്തനങ്ങളും 10 -ാം ക്ലാസ് പാസ്സായവർക്ക് പ്രായഭേദമന്യെ പഠിക്കാവുന്ന 6 മാസകോഴ്സ് ആയ ഡി.സി.എ യും ഹയർസെക്കന്ററി വിഭാഗത്തിന്റെ പ്രത്യേകതകളാണ്. 2016-17 വർഷത്തിൽ 85% റിസൽട്ട് ഉണ്ടായിരുന്നു.

ടൗണിൽ നിന്നും അകന്നു നിൽക്കുന്നതിനാൽ വാഹന സൗകര്യമില്ല എന്നത് സ്കൂൾ നേരിടുന്ന ഒരു പ്രതിസന്ധിയാണ്. സ്കൂൾ ബസുകൾ മാത്രമാണ് കുട്ടികൾക്ക് ആശ്രയം. എങ്കിലും പരമാവധി കുട്ടികളെ ഇവിടേക്ക് ആകർഷിക്കാൻ വേണ്ട ശ്രമങ്ങൾ അധ്യാപകരുടെ ഭാഗത്തു നിന്നുണ്ടാകുന്നുണ്ട്.

## പൊതുലക്ഷ്യങ്ങൾ

- വായന സർഗ്ഗാത്മകമാക്കിമാറ്റുക
- ആശയവിനിമയശേഷി വികസനം
- പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ
- പ്രതിഭാ പോഷണം പദ്ധതി എന്ന പേരിൽ സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
- 100% ഹാജരോടെ ദേശീയ ദിനാഘോഷങ്ങൾ
- ജനാധിപത്യ നേതൃത്വ പരിശീലനം നൽകുക മേളകളിൽ മികവ്
- കൗൺസിലിംഗ് സ്ഥിര സംവിധാനം
- സാമൂഹിക സന്നദ്ധ സേവനം
- രക്ഷിതാക്കളുമായി നിരന്തര സമ്പർക്കം
- ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം
- ഭിന്നശേഷിക്കാരോടൊപ്പം
- വ്യത്യസ്തങ്ങളായ പഠന തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക
- ഉയർന്ന പഠന നില കൈവരിക്കാൻ കുട്ടിയെ സഹായിക്കുക
- കുട്ടിയുടെ വൈജ്ഞാനിക, വൈകാരിക സാമൂഹിക മേഖലകളിലെ വളർച്ച
- കുട്ടികൾ നേരിടുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ തിരിച്ചറിയുകയും അതു മറികടക്കുവാൻ കുട്ടിയെ സജ്ജമാക്കുകയും ചെയ്യുക.
- ഗുണമേന്മാ വിദ്യാഭ്യാസം
- പ്രായത്തിനനുസരണമായ പഠനനേട്ടം കൈവരിക്കുക
- പ്രാദേശിക കലകളും വിഭവങ്ങളും വ്യക്തികളെയും പരിചയപ്പെടുക
- കുട്ടികളുടെ നൈസ്സർഗ്ഗികമയ കലാവാസനകളെ പ്രോത്സാഹിപ്പിക്കുക.
- കലകളെ അറിയുന്നതിനും കുട്ടിയുടെ അഭിരുചി അനുസരിച്ച് അവ അഭ്യസിക്കുന്നതിനുള്ള അവസരം നൽകുക.
- വിവിധ കലകൾ ആസ്വദിക്കുന്നതോടൊപ്പം അവയിലെ സൗന്ദര്യം ഉൾകൊള്ളുക ആസ്വാദന നിലവാരം ഉയർത്തുക
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കുവാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക
- ആരോഗ്യകരമായ സ്ത്രീ പുരുഷ ബന്ധത്തെ കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗ സമത്വത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാകാനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കുക

- വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക
- തുടർച്ചയായ മൂല്യനിർണ്ണയ പ്രക്രിയ വിലയിരുത്തലിന്റെ ഭാഗമാക്കുക
- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം വിമർശന അവബോധം എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.
- പഠനത്തെ പരിസര ബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഓരോ സ്കൂൾ കാമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക.
- വ്യക്തിത്വ വികാസത്തിനും സർഗാത്മ വികാസത്തിനും ശിൽപശാലകൾ

## AIM AND OBJECTIVES OF LEARNING MATHS SCIENCE AND LANGUAGE (+1 & +2)

1 *Solve the real life problems*
2 *Develop logical thinking*
3 *Make interest in research activities*
4 *Solve problem in scientific way*
5 *Understand and apply the relation between different concepts & subjects*
6 *Express various ideas by means of mathematical problems*
7 *Make use of ICT*
8 *Communicate ideas*
9 *Go for higher studies*
10 *Understand ideas correctly and exactly*
11 *Finding solution for problems & puzzles*

## ACTIVITIES

- *Project Activities*
- *Seminar presentation*
- *Experimentation*
- *Survey*
- *Discussions*
- *using Library*
- *Information and commiunication technology*
- *Assignment*
- *Mathematics Activities Log book*
- *Seminar conducted by experts*
- *Maths fair*
- *Grouping students according to their abilities*
- *Special coaching classes for below average students*
- *Counselling classes*
- *Souhrida club*
- *Sceince fair*
- *Riole play*
- *Debate*
- *Collection of materials*

# സമഗ്ര ഗുണമേന്മാ പദ്ധതിയുടെ വിശദാംശങ്ങൾ

1 **അക്കാദമിക പ്രവർത്തനങ്ങൾ**

വായന – സർഗ്ഗോത്സവം (എൽ. പി., യു. പി., എച്ച്. എസ്., എച്ച്. എസ്. എസ്)

1 പാഠപുസ്തകത്തിനു പുറമെ ഒരു പുസ്തകമെങ്കിലും ഒരു കുട്ടിക്കു സ്വന്തം

2 അധ്യാപകർക്കും രക്ഷിതാക്കൾക്കും സ്വന്തമായ ഹോം ലൈബ്രറി

3 മലയാളത്തിലെ ഒട്ടുമിക്ക എഴുത്തുകാരെയും പുസ്തകങ്ങളെയും അടുത്തറിയാൻ സ്കൂളിൽ വിശാലമായ ഗ്രന്ഥശാല

4 പ്രധാനാധ്യാപകൻ, അധ്യാപകർ, അനധ്യാപകർ എന്നിവരുടെ കൂട്ടായ്മയിൽ വായനാ സംഘം രൂപീകരിക്കുന്നു.

5 വിദ്യാലയത്തിലെ എല്ലാ അംഗങ്ങളെയും സാമ്പത്തിക പങ്കാളികളാക്കികൊണ്ട് മാസം തോറും ആനുകാലിക പ്രസിദ്ധീകരണങ്ങളും ദിവസവും മൂന്നു സ്ഥാപനങ്ങളുടെ പത്രവും വരുത്തുന്നു.

6 ഒരു ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ഒരേസമയം ഇരുന്നു വായിക്കാനുള്ള സൗകര്യം ലൈബ്രറിയിൽ ഒരുക്കും

7 രാവിലെയും വൈകിട്ടും ഉച്ചസമയത്തെ ഇടവേളകളിലും ലൈബ്രറി പിരീഡിലും കുട്ടികൾ റീഡിംഗ് റൂം ഉപയോഗിക്കുന്നു.

8 പുസ്തകങ്ങൾ അടുക്കി ചിട്ടയോടെ വയ്ക്കാൻ ഓരോ ക്ലാസ്സിലും ഓരോ കൺവീനർ

9 ആവശ്യമായ കുട്ടികൾക്ക് പത്രം വീട്ടിൽ കൊണ്ടുപോയി വായിക്കാനവസരം

10 ഓരോ ക്ലാസ്സിലേക്കും ആവശ്യമായ പുസ്തകങ്ങൾ ക്ലാസ് ടീച്ചർ വഴി വിതരണം

11 ഒന്നിടവിട്ട വെള്ളിയാഴ്ചകളിൽ കൺവീനറുടെയും ക്ലാസ് ടീച്ചറുടെയും മേൽനോട്ടത്തിൽ പുസ്തകവിതരണം

12 വായിച്ച പുസ്തകങ്ങളിലെ ആകർഷണീയ ഭാഗങ്ങൾ കൂട്ടുകാരുമായി പങ്കുവയ്ക്കാൻ വായനാക്കുറിപ്പ് കൈമാറി വായിക്കൽ

13 പുസ്തക കൈമാറ്റത്തിന് ഓരോ ക്ലാസ്സിലും രജിസ്റ്റർ, ഒരു കുട്ടിക്ക് ഒരു പേര്

14 ഒന്നിടവിട്ട ആഴ്ചകളിലെ സർഗ്ഗവേള ലൈബ്രറി പിരീഡ്

15 ക്ലാസ് തോറും കൈയ്യെഴുത്ത് മാസികകൾ, മികച്ചവയ്ക്ക് അവാർഡ് റീഡിംഗ് റൂമിൽ വായിക്കാനവസരം

16 ക്ലാസ് റൂം സർഗ്ഗവേളയിലെ പ്രകടനങ്ങളിൽ തെരെഞ്ഞെടുത്തവ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

2 **ആശയവിനിമയശേഷി വികാസം**

1 ഫലപ്രദമായ ആശയവിനിമയ ശേഷിക്കായി ഭാഷാ ക്ലബ് രൂപീകരിക്കുന്നു.

2 മലയാളം ഇംഗ്ലീഷ് ഹിന്ദി, സംസ്കൃതം, അറബി എന്നീ ഭാഷകളിൽ ക്രിയാത്മകമായ പ്രവർത്തനം നടത്തുന്നു.

3 ക്ലബ് പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സർഗ്ഗ ശേഷി വളർത്താനും അവരിലെ നന്മയും പുത്തൻ ചിന്തകളും തിരിച്ചറിയാൻ അവസരം

4 കുട്ടികളുടെ ആത്മവിശ്വാസവും കൂട്ടായ്മയും വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

5 ഭാഷാക്ലബ്ബിന്റെ നേതൃത്വത്തിൽ എല്ലാ ഭാഷകളിലുമുള്ള അസംബ്ലി

6 ഇംഗ്ലീഷ്, ഹിന്ദി, മലയാള പാഠപുസ്തകത്തിലെ പാഠഭാഗങ്ങൾ നാടകരൂപത്തിലും സ്കിറ്റ് രൂപത്തിലും അവതരിപ്പിക്കുന്നു.

7 ഇംഗ്ലീഷ്, ഹിന്ദി, മലയാളം, അറബി ഭാഷകളിൽ വായനാമത്സരവും കൈയ്യെഴുത്ത് മത്സരവും നടത്തുന്നു.

8 അഞ്ചു ഭാഷകളിലും പൊതുവായി വരുന്നതും നിത്യജീവിതത്തിൽ പ്രയോഗിക്കുന്നതുമായ വ്യവഹാര പദങ്ങൾ മനസ്സിലാക്കാൻ ഈ ഭാഷകളിലുള്ള കലണ്ടറുകൾ പ്രദർശിപ്പിക്കാൻ തീരുമാനിച്ചു. (സംഖ്യാപേരുകൾ, ക്രീയാപദങ്ങൾ, നാമപദങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, പൂക്കൾ, കളറുകൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തിയാണ് കലണ്ടർ തയ്യാറാക്കുന്നത്.

3 **പഠനപിന്നോക്കാവസ്ഥ പരിഹരിക്കൽ**

1 പഠനപിന്നോക്കാവസ്ഥയിലുള്ള പരിഹാര ബോധനം നൽകുന്നു.

2 മൂന്നു ഭാഷകളിലും എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെയും ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും പൊതുധാരയിലെത്തിക്കാൻ എല്ലാ ദിവസവും ഒരു മണിക്കൂർ പരിഹാര പ്രവർത്തനം നടത്തുന്നു.

4 **സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം**

1 എൽ.എസ്.എസ്., യു.എസ്.എസ്., എൻ.ടി.എസ്., എൻ.എം.എം..എസ് എന്നീ സ്കോളർഷിപ്പുകൾക്ക് അധ്യാപകർ പരിശീലനം നൽകുന്നു.

2 അവധിക്കാലത്തും അവധിദിവസങ്ങളിലും ക്ലാസ്സുകൾ

5 **ദേശീയദിനാഘോഷങ്ങൾ**

1 ദേശീയ ദിനാഘോഷങ്ങൾ (ആഗസ്റ്റ് 15 ജനുവരി 26 എക്സ്ട്ര) ജനപ്രതിനിധികളുടെയും അധ്യാപകരുടെയും സാന്നിധ്യത്തിൽ നടത്തുന്നു.

2 അധ്യാപകരുടെയും കുട്ടികളുടെയും പൂർണ്ണപങ്കാളിത്തം

3 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ആൽബം നിർമ്മിക്കുക, പോസ്റ്റർ നിർമ്മാണം, യുദ്ധ വിരുദ്ധറാലി എന്നിവ സംഘടിപ്പിക്കുന്നു.

6 **ജനാധിപത്യ നേതൃത്വ പരിശീലനം**

1 സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് പൊതുതെരഞ്ഞെടുപ്പിന്റെ പ്രക്രിയകൾ എന്തെല്ലാമെന്ന് എങ്ങനെയെന്നും ബോധ്യപ്പെടുന്ന രീതിയിൽ നടത്തുന്നു.

2 പഠന പ്രക്രിയയുടെ ഭാഗമായി മുന്നൊരുക്കം

3 കുട്ടികളിൽ നിന്നും പോളിംഗ് ഓഫീസറെ തെരഞ്ഞെടുത്ത് പരിശീലനം നൽകുക

4 ബാലറ്റ് പെട്ടി, പേപ്പർ, ബൂത്ത് എന്നിവ തയ്യാറാക്കുന്നു.

5 തെരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിന് എൻ.സി.സി. കേഡറ്റുകളുടെ സഹകരണം

6 തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ ഉൾപ്പെട്ട നേതൃത്വത്തിൽ വിദ്യാലയത്തിലെ പൊതുപരിപാടികൾ നടത്തുന്നു.

7 **മേളകളിൽ മികവ്**

1 സ്കൂൾതല മേളകൾ ശാസ്ത്രം സാമൂഹ്യ ശാസ്ത്രം ഗണിതം, ഐ.ടി., പ്രവൃത്തി പരിചയം എന്നീ വിവിധ വിഭാഗങ്ങളിലായി സംഘടിപ്പിച്ചു.

2 ഉപജില്ലയിലും ജില്ലയിലും സംസ്ഥാനത്തിലും കുട്ടികളെ പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നു.

3 വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ എന്നിവയിലും പ്രോജക്ടിലും കുട്ടികളെ പങ്കാളികളാക്കുന്നു.

4 ഒരു ശാസ്ത്രമേള കഴിയുന്നതോടെ അടുത്തവർഷത്തേക്കുള്ള ഇനങ്ങൾ നിശ്ചയിക്കുന്നു.

8 **കൗൺസിലിംഗിന് സ്ഥിരം സംവിധാനം**.

1 ബി.ആർ.സി.യിൽ നിന്ന് ഒരു കൗൺസിലറുടെ സേവനം ലഭിക്കുന്നു.

2 രക്ഷിതാക്കൾക്ക് അധ്യയന വർഷാരംഭത്തിലും മധ്യത്തിലും കൗൺസിലിംഗ്

3 കുട്ടികളുടെ പ്രശ്നം പരിഹരിക്കുന്നതിന് വ്യക്തിഗത കൗൺസിലിംഗും ഗ്രൂപ്പ് കൗൺസിലിംഗും നൽകുന്നു.

9 **സാമൂഹിക സന്നദ്ധ സേവനം**

1 എൻ.സി.സി., എൻ.എസ്.എസ്., സ്റ്റുഡന്റ് പോലീസ്, റെഡ് ക്രോസ്, സ്കൗട്ട് ഗൈഡ്സ് യൂണിറ്റ് കൾ പ്രവർത്തിക്കുന്നു.

2 ഇവർക്ക്ഓരോ ടേമിലും സന്നദ്ധസഹായ മനോഭാവം വളർത്താൻ ക്ലാസ്സുകൾ നടത്തുന്നു.

3 ദേശീയ ദിനങ്ങളിലെ പങ്കാളിത്തം

4 ഓരോ ടേമിലും വ്യക്തിത്വ വികസന ക്യാമ്പുകൾ

5 എൻ.സി.സി. യുടെ നൂറു കേഡറ്റ്സ്

6 അച്ചടക്കത്തിനും ശുചിത്വത്തിനും നേതൃത്വം നൽകാൻ എൻ.സി.സി. കേഡറ്റ്സ് 8,9 ക്ലാസ്സുകളിലെ കുട്ടികളെ പരിശീലിപ്പിക്കുന്നു.

7 സ്റ്റുഡന്റ്സ് പോലീസിൽ പരിശീലനം ലഭിച്ച പോലീസുകാരും അധ്യാപകരും കുട്ടികളെ പരിശീലിപ്പിക്കുന്നു.

8 എൻ.സി.സി. ആൺ കുട്ടികൾക്ക് ആഴ്ചയിൽ രണ്ടുദിവസം 4 മുതൽ 6 വരെ പരേഡ് പെൺ കുട്ടികൾക്ക് രാവിലെ 7.30 മുതൽ 9.30 വരെയും എസ്.പി.സി. ക്ക് ശനിയാഴ്ചകളിലും പരേഡ്

9 ഓരോ യൂണിറ്റും സാമൂഹിക പ്രവർത്തനങ്ങലിലും ആതുര സേവന രംഗത്തും ബോധവൽക്കരണ പ്രവർത്തനങ്ങളിലും സജീവമാകുന്നു.

10 എ സർട്ടിഫിക്കറ്റ് പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് വിതരണം

11 75% ഹാജരും ക്യാമ്പിലെ പങ്കാളിത്തവും പരീക്ഷായോഗ്യത

12 ദേശീയ തല ക്യാമ്പുകളിലും പ്രകടനങ്ങലിലും പരേഡിലും പങ്കെടുക്കുവാനവസരം

11 <u>ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗം</u>

1. കളിസ്ഥലം, ക്ലാസ്റൂം, കമ്പ്യൂട്ടർ റൂം എന്നിവ ഫലപ്രദമായി വിനിയോഗിക്കുന്നു.

2 കുട്ടികളുടെ ബുദ്ധിവികാസത്തിനും ഊർജ്ജസമ്പാദനത്തിനും കായിക പരിശീലനം അത്യന്താപേക്ഷിതമാണ്.

3 എല്ലാ ക്ലാസ്സുകളിലും ആഴ്ചയിൽ ഒരു പിരീഡ് കായിക വിനോദത്തിനായി നീക്കി വയ്ക്കുന്നു.

4 ക്ലാസ് റൂമുകളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നു.

5 കലാധ്യാപികയുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

6 പാഠഭാഗങ്ങൾ ആധുനികസാങ്കേതിക വിദ്യയുടെ സഹായത്തോടെ കുട്ടികളിലെത്തിക്കാൻ കമ്പ്യൂട്ടർ റൂമുകൾ പ്രയോജനപ്പെടുത്തുന്നു.

7 കുട്ടികളുടെ കൈവേലകൾ പ്രോത്സാഹിപ്പിക്കാൻ പ്രവൃത്തി പരിചയ മേഖലകളിൽ പ്രാവീണ്യമുള്ള വരെ സ്കൂളിൽ എത്തിച്ച് അതിൽ പരിശീലനം നൽകുന്നു. ചന്ദനത്തിരി നിർമ്മാണം, ഓലമെടയൽ ക്ലേ മോഡലിംഗ് etc..

12 <u>ഭിന്നശേഷിക്കാരോടൊപ്പം</u>

1 ഭിന്നശേഷിക്കാരായ കുട്ടികളുടെ ആവശ്യങ്ങൾ ഉൾപ്പെടുന്ന പട്ടിക അധ്യാപകർ തയ്യാറാക്കുന്നു.

2 അവരുടെ രക്ഷാകർത്തക്കളുമായി നിരന്തര സമ്പർക്കത്തിൽ ഏർപ്പെടുന്നു.

3 അവർക്കായി വ്യത്യസ്ത പഠനതന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നു

4 സ്കൂളിലെത്താനാവാത്ത കുട്ടിയുടെ വീട്ടിൽ മാസത്തിലൊരിക്കൽ സന്ദർശനം

5 ഭിന്നങ്ങളായ - വ്യത്യസ്തങ്ങളായ - ശേഷിയുള്ള അവരുടെ പരിമിതികളെയും കഴിവുകളെയും ഉൾകൊള്ളാനുള്ള മനസ്സ് മറ്റ് കുട്ടികളിൽ ഉണ്ടാക്കാൻ ആവശ്യമായ ബോധനം അവർക്ക് നൽകുന്നു.

6 അവർക്കനുയോജ്യമായ ഐ.സി.റ്റി സാധ്യതകൾ ഉപയോഗിക്കുന്നു.

13 **ഉയർന്ന പഠനനില കൈവരിക്കാൻ കുട്ടിയെ സഹായിക്കുക**

1 കുട്ടിയിലെ മികവുകൾ കണ്ടറിയുന്നു.

2 അവനിലെ കഴിവുകൾ അവനു ബോധ്യപ്പെടുത്തി കൊടുക്കുന്നു.

3 രക്ഷാകർത്താക്കളുമായി നിരന്തര സമ്പർക്കം

4 അധ്യാപകർ പഠിതാക്കളുടെ ഗൃഹസന്ദർശനം നടത്തുന്നു

5 എല്ലാ വിഷയത്തിലും പ്രോജക്ട്, അസ്സസ്മെന്റ് എന്നിവ എൽ.പി. തലം മുതൽ എച്ച്.എസ്. തലം വരെ ടേം അനുസരിച്ച് നൽകുന്നു.

14 **വിവിധ മേഖലകളിലെ വളർച്ച**

1 വൈജ്ഞാനിക വൈകാരിക സാമൂഹിക മേഖലകളിലെ വളർച്ച

2 ശുചിത്വ സന്ദേശമടങ്ങുന്ന ക്ലാസ്സുകൾ നടത്തുന്നു.

3 കലാ - കായിക - സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നു

4 ഓരോ കുട്ടിയിലുമുള്ള വ്യത്യസ്തങ്ങളായ കഴിവുകൾ കണ്ടറിഞ്ഞ് അതാതു മേഖലകളിൽ പ്രവർത്തിക്കാനുള്ള അവസരം നൽകുന്നു.

15 **കുട്ടികളുടെ പ്രശ്നങ്ങൾ തിരിച്ചറിയുകയും അതു നേരിടാൻ അവരെ സജ്ജമാക്കുകയും ചെയ്യുക**

1 ക്ലാസധ്യാപകൻ ഓരോ കുട്ടിയെയും വ്യക്തിപരമായി അറിയുന്നു.

2 ക്ലാസ്സിലെത്തി ആദ്യപത്ത് മിനിറ്റ് അവരോടും അവർക്കും സംസാരിക്കാനെടുക്കുന്നു.

3 കുട്ടികളുടെ പെരുമാറ്റത്തിലും പ്രകൃതിയിലും വ്യത്യാസങ്ങൾ ഉണ്ടായാൽ അവർക്ക് വേണ്ട കൈത്താങ്ങ് അധ്യാപകർ നൽകുന്നു.

4 കൗൺസിലറുടെ സഹായവും ആവശ്യമെങ്കിൽ നേടുന്നു.

16 **ഗുണമേന്മ വിദ്യാഭ്യാസം**

1 ആരോഗ്യം, ശുചിത്വം, ജൈകൃഷി എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കി കുട്ടികളിൽ ഈ മേഖലകളിൽ ശരിയായ അറിവും പ്രായോഗികതയും ഉള്ളവരാക്കാൻ ശ്രമിക്കുന്നു.

2 ഭൂപടം, ഗ്ലോബ്, ചാർട്ട്, പുരാവസ്തുക്കൾ ഇവ ഉൾപ്പെടുത്തി സോഷ്യൽ സയൻസ് ലാബ് തയ്യാറാക്കുന്നു.

3 അറ്റ്ലസ് നിർമ്മാണത്തിനുള്ള അറിവുകൾ നൽകുന്നു.

4 ക്വിസ് ക്ലബ് രൂപീകരികരിച്ച് അതിൽ കുട്ടികളെ അംഗങ്ങളാക്കി മത്സരങ്ങൾക്കായി തയ്യാറാക്കുന്നു.

5 സോഷ്യൽ സയൻസ് ലൈബ്രറി, മോക് പാർലമെന്റ് എന്നിവ നടത്തുന്നു.

6 ശാസ്ത്രസാങ്കേതിക വിദ്യകളിൽ ഇന്ത്യയുടെ വളർച്ചയും ലോകരാജ്യങ്ങളുടെ ഇടയിൽ ഇന്ത്യയുടെ സ്ഥാനവും എത്രത്തോളം എന്ന് മനസ്സിലാക്കുവാനും ഒരു

ഇന്ത്യൻ പൗരൻ എന്ന നിലയിൽ സ്വാഭിമാനം ഉള്ളവനാക്കുവാനും ഭാവിയിൽ തന്റെ കഴിവുകൾ കടമകൾ രാജ്യത്തിനായി പ്രയോജനപ്പെടുത്താനുമുള്ള മനോഭാവം വളർത്താനുള്ള പ്രവർത്തനങ്ങൾ സ്കൂളിൽ സംഘടിപ്പിക്കുന്നു.

7 ശാസ്ത്ര വിഷയങ്ങളിൽ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് അധ്യാപകർ ഒഴിവു സമയങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്നു.

## 17 <u>പ്രായത്തിനനുസരണമായ പഠനനേട്ടം കൈവരിക്കൽ</u>

### എൽ. പി. തലം

**മലയാളം & ഇംഗ്ലീഷ്**

1 ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിനായി അസംബ്ലി, റോൾപ്ലേ, പ്രസംഗം, സ്കിറ്റ്

2 ഇംഗ്ലീഷ് ഫെസ്റ്റ്, മലയാളം ഫെസ്റ്റ്

3 മലയാളം അക്ഷരങ്ങൾ ഉറപ്പിക്കാൻ:
ആഭരണം അണിയിക്കൽ, അക്ഷരപ്പെട്ടി വായനയിൽ താൽപര്യം ജനിപ്പിക്കൽ വാക്കുകൾ പറഞ്ഞ് അത് കണ്ട് പിടിക്കുന്നു.

4 മാസത്തിലൊരിക്കൽ വയനാ മത്സരം നടത്തി സമ്മാനം കൊടുക്കുന്നു.

5 ഡയറിയെഴുത്ത് നിർബന്ധമാക്കും

6 യാത്രാ വിവരങ്ങൾ എഴുതിക്കുന്നു.

7 അക്ഷരം ഉറച്ചിട്ടില്ലാത്തവർക്ക് പത്രം നൽകി (സൂചനയിലേത്) കണ്ടുപിടിക്കാൻ നിർദ്ദേശിക്കുന്നു.

8 ഏറ്റവും കൂടുതൽ ആവർത്തിച്ചിരിക്കുന്ന അക്ഷരം കണ്ടുപിടിക്കുന്നു.

9. ഉറപ്പിക്കൽ - ആവർത്തിച്ച [illegible].

**മാത്മാറ്റിക്സ്**

1 സങ്കലനവ്യവകലന ഗുണനപട്ടികകൾ ഹൃദിസ്ഥമാക്കുന്നു.

2 ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

3 നാണയ വിനിമയം സംഖ്യാബോധം എന്നിവ ഉറയ്ക്കാൻ തങ്ങൾ സ്കൂളിൽ പഠിക്കുന്നതിനെ പുറത്ത് നടക്കുന്ന കാര്യങ്ങളുമായി ബന്ധിപ്പിക്കാൻ വേണ്ട ചോദ്യങ്ങൾ ചോദിക്കാൻ കുട്ടികളെ അനുവദിക്കുന്നു.

4 കുട്ടിക്കട ഇടയ്ക്കിടെ നടത്തുന്നു. സ്വന്തം അനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നു.

5 ഗണിത കേളികൾ, പസിലുകൾ എന്നിവയിലൂടെ പഠനം രസകരമാക്കുന്നു.

6 ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിച്ച് ഗണിത പഠനം രസകരമാക്കുന്നു.

**സയൻസ്**

1 പരീക്ഷണമൂല, പച്ചക്കറിത്തോട്ടനിർമ്മാണം എന്നിവ നടത്തുന്നു.

2 കർഷകരുമായുള്ള അഭിമുഖം

3 സ്കൂളിനടുത്തുള്ള ഫാമിലേക്ക് ഫീൽഡ് ട്രിപ്പ്

4 റിപ്പോർട്ട് തയ്യാറാക്കൽ

5 ലഘു പ്രോജക്ട് തയ്യാറാക്കുന്നു

6 പലതരം ശേഖരണങ്ങൾ, ആൽബങ്ങൾ ദിനീചരണങ്ങൾ എന്നിവ നടത്തുന്നു.

## ഗണിതചെപ്പ്

## ലക്ഷ്യങ്ങൾ

- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ നേടുന്നതിനും കഴിവു വളർത്തുന്നു.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ കുട്ടിയെ വളർത്തുന്നു.
- ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിനുവേണ്ടി ഗണിത ഭാഷ ഉപയോഗിക്കാൻ കുട്ടിക്ക് കഴിവുണ്ടാക്കുന്നു.
- കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ശേഷി വികസിപ്പിക്കുന്നു.

## പരിഗണിച്ച മേഖലകൾ

- ഗണിതകഥ, പാട്ട്
- ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നൽകൽ
- കണക്കിലെ കളികൾ
- വ്യത്യസ്ത അളവുകൾ പരിചയപ്പെടുത്തൽ
- ഭാരം, നീളം, ഉള്ളളവ് എന്നിവ കൃത്യതപ്പെടുത്തി ഏകകങ്ങൾ പരിചയപ്പെടുത്തൽ
- ചിത്രപാറ്റേണുകളിലൂടെ ജ്യാമിതീയ ലോകത്തെത്തിക്കുന്നു.
- പഠനോപകരണ നിർമ്മാണം
- വിവരസാങ്കേതിക വിദ്യയെ ഗണിത പഠനവുമായി ബന്ധിപ്പിക്കൽ
- ജിയോജിബ്ര പോലുള്ള സോഫ്റ്റ് വെയറുകൾ പ്രയോജനപ്പെടുത്തി
- ഗണിത സൗന്ദര്യം ആസ്വദിക്കുക.

## നേട്ടങ്ങൾ

- ഇത്തരം പ്രവർത്തനങ്ങൾ ഗണിതത്തോടുള്ള ഭയവും അകൽച്ചയും ഇല്ലാതാക്കി.
- കുട്ടികൾ താൽപ്പര്യത്തോടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു
- ഗണിതാശയങ്ങൾ ആഴത്തിൽ രൂപപ്പെടുന്നു.
- ഭിന്നസംഖ്യയുടെ ചതുഷ്ക്രിയകളിൽ കുട്ടികളിൽ ആശയ വ്യക്തത എളുപ്പത്തിൽ നടക്കുന്നു.
- ഗണിത ചിന്തയ്ക്ക് കൂടുതൽ പ്രാധാന്യം
- സ്വന്തം പോരായ്മ തിരുത്തി മുന്നേറാം

## എച്ച്.എസ്. തലത്തിലെ ഗണിത പ്രവർത്തനങ്ങൾ

1 8 ൽ തുല്യത്രികോണങ്ങൾ എന്ന ജ്യാമിതീയ ഭാഗമാണ് തുടങ്ങുന്നത്. അടിസ്ഥാനമായി ഉറയ്ക്കേണ്ട ത്രികോണങ്ങളുടെ തുല്യത കുട്ടികളിൽ എത്തിക്കാനാവശ്യമായ പഠന പ്രവർത്തനങ്ങൾ ടെക്സ്റ്റ് ബുക്ക്, ഹാന്റ് ബുക്ക് എന്നിവയുടെ സഹായത്തോടെ ആവിഷ്ക്കരിക്കണം. മധ്യലംബം, കോണിന്റെ സമഭാജി തുടങ്ങിയ നിർമ്മിതികളും ഇതിലുൾപ്പെടും . ചതുർഭുജങ്ങളുടെ നിർമ്മിതി അവയുടെ പരപ്പളവ് തുടങ്ങിയവ, ബഹുഭുജങ്ങൾ എന്നിവ ഐ.സി.റ്റി. സാധ്യതയുടെ സഹായത്തോടെ പഠന പ്രവർത്തനങ്ങൾ നൽകുന്നു.

2 ബീജഗണിതത്തിൽ പ്രധാനമായും സമവാക്യങ്ങൾ, സർവ്വ സമവാക്യങ്ങൾ എന്നിവയും അംശബന്ധം, അനുപാതം, പലിശ കണക്കുകൾ തുടങ്ങിയവ പ്രായോഗിക പ്രശ്നങ്ങളിലൂടെ അവതരിപ്പിച്ച ഗണിത ബോധനം നടത്താം.

3 9-ാം ക്ലാസ്സിൽ ഇവയുടെ ഒക്കെ തുടർപ്രവർത്തനങ്ങളാണുള്ളത്. കൂടുതൽ സങ്കീർണ്ണമായ ക്രിയകൾ അവിടെ ചർച്ച ചെയ്യപ്പെടുന്നു. ഇത് പ്രയോജനപ്രദമാക്കാൻ 8-ാം ക്ലാസ്സിലെ ക്രിയകൾ ഒന്നുകൂടി നന്നായി ഉറപ്പിക്കുന്നു. ഘനരൂപങ്ങൾ എന്ന പാഠം അവയുടെ നിർമ്മാണത്തിലൂടെ പഠനം നടക്കേണ്ട ഭാഗമാണ്. ഘനരൂപനിർമ്മാണം ക്ലാസ്സിൽ നടത്തുന്നു. ഐ.സി.റ്റി. സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.

4 10-ാംക്ലാസ്സിൽ സമാന്തര ശ്രേണികൾ എന്ന വളരെ പ്രധാനപ്പെട്ട ഒരു അധ്യായത്തിലൂടെ ബീജഗണിതം ഇതുവരെ പഠിച്ചവ ഉപയോഗപ്പെടുത്തുന്നു.

വാക്യങ്ങൾ മനഃപാഠമാക്കുന്നതിലല്ല തന്നിട്ടുള്ള പ്രശ്നങ്ങൾ അപഗ്രഥിച്ച് അവ സന്ദർഭാനുസരണം പരിഹരിക്കുന്ന രീതിക്കു പ്രാധാന്യം നൽകുന്നു.

വൃത്തങ്ങൾ വിശദമായി ക്ലാസ്സിൽ ചർച്ച ചെയ്യുന്നു.

ജിയോജിബ്ര ഉൾപ്പെടുന്ന ഭാഗം ഐ.സി.റ്റി. സാധ്യതയുടെ സഹായത്തോടെ പഠിപ്പിക്കാൻ കഴിയും

പ്രശ്ന പരിഹാരത്തിനു പ്രാധാന്യമുള്ള പോളിനോമിലുകൾ, ദ്വിമാന സമവാക്യങ്ങൾ തുടങ്ങിയ്യും ജ്യാമിതിയും ബീജഗണിതവും ഒരുമിച്ച് ഉപയോഗിക്കുന്ന നിർദ്ദേശാങ്ക ജ്യാമിതിയും ത്രികോണമിതിയും പുതിയ ആശയങ്ങൾ അവർക്ക് നൽകുന്നു.

## 18 പ്രാദേശിക കലകളെയും വിദഗ്ദ്ധരെയും വ്യക്തികളെയും പരിചയപ്പെടുന്നു

1 സ്കൂൾ നിൽക്കുന്ന പ്രദേശത്തെ രക്ഷിതാക്കളെയും പ്രദേശവാസികളെയും ചേർത്ത് ഒരു ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുന്നു.

2 സ്കൂളിലെ പരിപാടികളിൽ അവരെ പങ്കെടുപ്പിക്കുന്നു.

3 അവധി ദിവസങ്ങളിൽ പ്രാദേശിക കലാകാരന്മാരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.

4 അധ്യാപകർ അവധിയെടുക്കുമ്പോൾ പ്രാദേശിക വിദഗ്ദരെ സ്കൂളിലേക്ക് ക്ഷണിച്ച് ക്ലാസ്സുകൾ നടത്തുന്നു.

5 കഥ, പ്രാദേശിക കലകൾ, നാടൻപാട്ട്, സംഗീതം കരകൗശലം, കാർഷികവൃത്തി എന്നിവയുമായി ബന്ധമുള്ള വ്യക്തികൾ ക്ലാസ്സെടുക്കുന്നു.

6 ഗ്രാമപഞ്ചായത്ത്, പോസ്റ്റ് ഓഫീസ്, വയലുകൾ പ്രധാനവ്യക്തികൾ എന്നിവ കുട്ടികൾ അറിയാനുള്ള പ്രവർത്തനം നടത്തുന്നു.

## 19 കുട്ടികളുടെ നൈസ്സർഗ്ഗിക കലാവാസനകളെ പ്രോത്സാഹിപ്പിക്കുക

1 നമ്മുടെ ഭാരതീയസംഗീതവാദ്യോപകരണങ്ങൾ ഐ.സി.റ്റി. സഹായത്തോടെ കുട്ടികളെ പരിചയപ്പെടുത്തുന്നു.

2 സിനിമാ ഗാനങ്ങളുടെ താളം മനസ്സിലാക്കുന്ന രീതി അഭ്യസിപ്പിക്കുന്നു

3 ഇതേ താളത്തിലുള്ള വായ്ത്താരി പാടിപ്പിക്കുന്നു.

4 ജീവജാലങ്ങളുടെ ഘടന ഉൾകൊണ്ട് ചിത്രരചന നടത്തുന്നു.

## 20 വിവിധ കലകൾ ആസ്വദിക്കുന്നതോടൊപ്പം സൗന്ദര്യം ഉൾക്കൊള്ളുക

1 കുട്ടികൾ അവരുടെ പ്രദേശത്ത് പ്രചാരമുള്ള ഒരു നൃത്തരൂപത്തിന്റെ (തിരുവാതിര) അവതരണം എട്ടോ അതിലധികമോ കുട്ടികൾക്ക് കളിക്കാവുന്ന നൃത്തരൂപമാണ് തിരുവാതിര. അതിന്റെ വേഷവിധാനങ്ങളും ചമയങ്ങളും അറിയുന്നു.

2 കൃഷി, വിനോദം, ആഘോഷം ആചാരം എന്നിങ്ങനെ പേര് നൽകി കുട്ടികളെ 4 ഗ്രൂപ്പാക്കുന്നു. ഈ 4 പേരുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ പാടിപഠിപ്പിക്കുന്നു.

21 **ആസ്വാദന നിലവാരം ഉയർത്തുന്നു**

1 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നാലുമാസങ്ങളും അതിലെ പ്രധാന ദിവസവും ദിനങ്ങളെ ഓരോ രാഗമായും പേരിട്ട് കുറിപ്പുകൾ നൽകുന്നു.

ജൂൺ പ്രവേശനോത്സവം - ആഭേരി

നവംബർ 1- കേരളപ്പിറവി - ആരഭി

ഓരോ ഗ്രൂപ്പിനും കിട്ടിയ കുറിപ്പുകളിലെ ദിനങ്ങളുമായി ബന്ധപ്പെട്ട ഗാനങ്ങൾ കണ്ടെത്താൻ പരിശീലിപ്പിക്കുന്നു.

2 സംഗീത അംശങ്ങളായ ശ്രുതി, ഈണം, താളം, ലയം എന്നിവയെക്കുറിച്ച് പഠിക്കുന്നു.

3 ശ്രുതി ഉപകരണങ്ങൾ തിരിച്ചറിയുന്നു.

22 **കലകളെ അറിയുന്നതിനും കുട്ടിയുടെ അഭിരുചി അനുസരിച്ച് അവ അഭ്യസിക്കുന്നതിനുമുള്ള അവസരം നൽകുക**

1 പ്രാഥമിക വർണ്ണങ്ങളെക്കുറിച്ച് വിശകലനം ചെയ്യുന്നു.

2 4 വിധത്തിലുള്ള വർണ്ണങ്ങളെ അറിയുന്നു.

3 സാമൂഹ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്ത ഫോട്ടോ എന്നിവ കാണിക്കുന്നു.

4 സ്വതന്ത്ര ചിത്രരചനയ്ക്ക് അവസരം നൽകുന്നു

5 വായ്ത്താരികൾ എന്തെന്ന് കുട്ടികൾ മനസ്സിലാക്കുന്നു.

6 വായ്ത്താരികൾ പാടാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു.

7 നൃത്തം എന്ന കലാരൂപത്തെ അറിയുന്നു.

8 നൃത്ത നടകളും അതിന്റേതായ അക്ഷരക്രമങ്ങളും അറിയിന്നു.

9 ഈണം, ഭാവം ഇവയുടെ വ്യത്യാസം ഉദാഹരണ സഹിതം വ്യക്തമാക്കുന്നു.

10 ഭാരതീയ സംസ്കാരത്തിലെ സംഗീത ശാഖകളെ അറിയുന്നു.

**ഹിന്ദുസ്ഥാനി സംഗീതം–കർണ്ണാടക സംഗീതം**

**അടിസ്ഥാന രാഗങ്ങൾ അറിയുന്നു. ഗാനാലാപനം**

11 ലഘുകീർത്തനം ഭജൻസ്, വഞ്ചിപ്പാട്ട് ഗസൽ എന്നിവ ആലപിച്ച് വ്യത്യസ്തത അറിയുന്നു.

12 അഭിനയ പ്രധാനമായ ഗാനങ്ങളെ അറിയുന്നു. ഓട്ടൻതുള്ളൽ കഥകളി നാടകഗാനം കഥാപ്രസംഗം എന്നിവ ആലപിച്ചറിയുന്നു.

13 സോപാന സംഗീതം അറിയുന്നു

14 നവരസങ്ങൾ പേരും ഭാവവും ഐ.സി.റ്റി. സാധ്യതയോടെ അറിയുന്നു. മുദ്രകളും ഐ.സി.റ്റി സാധ്യതയോടെ അറിയുന്നു.

23 **സ്കൂൾ ജൈവവൈവിധ്യ ഉദ്യാനമാക്കുക**

1 വിദ്യാലയ മുറ്റത്തെ വൃക്ഷങ്ങൾ തിരിച്ചറിയുക

2 വൃക്ഷങ്ങൾക്ക് നാമകരണം നടത്തുക

- ജൈവവൈവിദ്യോദ്യാനം
- ഔഷധോദ്യാനം - ഔഷധസസ്യങ്ങളെ സംരക്ഷിക്കുന്നു, തിരിച്ചറിയുന്നു.

3 ജൈവകൃഷി പദ്ധതി

4 പൂന്തോട്ടം

5 പരിസ്ഥിതിക്ക് ക്ലബ്, ആരോഗ്യക്ലബ്ബ്, ലഹരിവിരിദ്ധ ക്ലബ്, കൃഷി ക്ലബ് എന്നിവ ഏകോപിച്ചു പ്രവർത്തിക്കുന്നു

6 ബയോഗ്യാസ് പ്ലാന്റ്

24 **ശുചിത്വം**

1 അധ്യാപകരും വിദ്യാർത്ഥികളും എല്ലാ ദിവസവും ശുചിത്വത്തിനായി അൽപസമയം മാറ്റിവയ്ക്കുന്നു

2 ക്ലാസ് മുറിക്ക് പുറത്ത് വേസ്റ്റ്ബിൻ

3 ടോയ്‌ലെറ്റുകളുടെ ശുചിത്വം ഉറപ്പാക്കുന്നതിനായി പ്രത്യേക ശുചിത്വസേനയും അധ്യാപകരും ഇടപെടുന്നു.

25 **ശിൽപശാലകൾ**

1 പഠനസമയം നഷ്ടപ്പെടുത്താതെ അവധിദിനങ്ങളിൽ

2 നാടൻ പാട്ടറിവു ശിൽപശാല, കയ്യെഴുത്ത് മാസിക ശിൽപശാല, യോഗപരിശീലന ശിൽപശാല

26 **കായിക രംഗത്ത് വളർച്ച**

1 കായിക വിനോദങ്ങൾക്കായി ആഴ്ചയിൽ ഒരു പിരീഡ്

2 പ്രത്യേക പരിശീലനം നേടിയ കായികാധ്യാപകർ

3 അതിന്റെ ഭാഗമായ യോഗ പരിശീലനം

4 അവധിക്കാലത്ത് വോളിബോളിലും , അത്‌ലിറ്റിക്സ് പരിശീലനം

5 പരിശീലനത്തിന് പ്രത്യേക വൈദഗ്ദ്ധ്യം നേടിയ പരിശീലകർ

## *Special Programme For English*
## *EMPOWERING ENGLISH*

രക്ഷകർത്ത്യസമൂഹവുമായി നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന ആശയവിനിമ യത്തിൽ ഉയർന്നു വരുന്ന പ്രധാന ആവശ്യമാണ് ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം. ഇംഗ്ലീഷ് ഭാഷാശേഷി വികാസത്തിനായി *Empowering English* എന്ന പ്രോഗ്രാം 2018 - 19 വർഷം ആരംഭിച്ചു.

**പ്രവർത്തനം**

* വിദഗ്ദ്ധ സഹായത്തോടെ ശിൽപശാലകൾ
* ഇംഗ്ലീഷ് പാഠപുസ്തകത്തോടു യോജിച്ചു പോകുന്ന തരത്തിലുള്ള പ്രവർത്തന സാധ്യതകൾ കണ്ടെത്തുന്നു.

**ഇംഗ്ലീഷ് അസംബ്ലി**

മാസത്തിലൊരിക്കൽ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. സ്കൂളിൽ തയ്യാറാക്കിയ പ്രാർത്ഥന, പ്രതിജ്ഞ, പ്രഭാഷണങ്ങൾ ഓരോ ക്ലാസ്സും മാറി മാറി അസംബ്ലി

**വായനാ മൂല**

വിദ്യാലയത്തിൽ പൊതു വയാനാമൂലയുണ്ട്. ബുധനാഴ്ച വായനാമൂലയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ മാത്രമാണുണ്ടാവുക

**ഇംഗ്ലീഷ് ബാലസഭ**

എല്ലാ മാസവും അവസാന വെള്ളിയാഴ്ച 3 മുതൽ 4 വരെ ഇംഗ്ലീഷ് ബാലസഭ നടത്തുന്നു. കഥപറയൽ, കവിതാലാപനം, പ്രസംഗം, റോൾപ്ലേ, ലഘു സ്കിറ്റുകൾ എന്നിവ ബാലസഭയിൽ അവതരിപ്പിക്കുന്നു.

**പ്രവർത്തനാനന്തര വിലയിരുത്തലിനായി സർഗ്ഗക്യാമ്പ്**

പ്രവർത്തനങ്ങളുടെ ഫലമുണ്ടായ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാശേഷി വികാസത്തെ വിലയിരുത്തൽ ഒരു സർഗക്യാമ്പ്

**വർക്ക് ഷീറ്റ് നിർമ്മാണം**

ഭിന്ന നിലവാരക്കാരെ പരിഗണിച്ചുകൊണ്ട് വർക്ക് ഷീറ്റുകൾ തയ്യാറാക്കുകയും അധികസമയം പ്രവർത്തനത്തിനായും നൽകുന്നു. ഓണാവധി, ക്രിസ്മസ് അവധി ദിനങ്ങളിൽ ചെയ്യാൻ ഭിന്നതലത്തിൽ അവധിക്കാല പ്രവർത്തനങ്ങൾ

**ഫെസ്റ്റ്**

കുട്ടികൾക്ക് ലഭിച്ച കഴിവുകളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ രക്ഷിതാക്കൾക്കു മുന്നിൽ അവതരിപ്പിക്കാൻ ഫെസ്റ്റ് സംഘാടനം

സ്കിറ്റ്, റേഡിയോ, ഡ്രാമ, ഗ്രൂപ്പ് സോങ്, ആക്ഷൻ സോംഗ്, സ്പീച്ച് എന്നിവ ഉൾപ്പെടുത്തുന്നു.

## സ്കൂൾ ബാങ്കിംഗ്

കുട്ടികളിൽ ലഘു സമ്പാദ്യ പദ്ധതി എന്ന ലക്ഷ്യത്തിലാണ് ഇത് ഏറ്റെടുത്തത്.

### പ്രവർത്തനം

ഒന്നാം ടേമിന്റെ ആദ്യ ആഴ്ചയിൽ തന്നെ ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളും ചേർന്ന് സമ്പാദ്യം നിക്ഷേപിക്കാൻ ക്ലാസ്സിൽ ബാങ്ക് . കുട്ടികൾ തന്നെ മാനേജരും ക്ലാർക്കും പ്യൂണുമാകുന്നു. ഓരോ മാസവും ജീവനക്കാർ മാറി വരും.

അംഗങ്ങൾക്ക് പാസ്ബുക്ക് നൽകി ഓരോ മാസവും നിക്ഷേപിച്ച തുക പാസ്ബുക്കിൽ രേഖപ്പെടുത്തും.

ഓണാഘോഷവേളയിൽ തങ്ങളുടെ നിക്ഷേപത്തിൽ ഒരു ഭാഗം പിൻവലിച്ച് നിർധനരായ കുട്ടികൾക്ക് ഓണക്കിറ്റ് നൽകുന്നു.

### പഠനവും പഠനയാത്രകളും

- കുട്ടികൾക്ക് നേരനുഭവങ്ങളൊരുക്കുന്ന പഠനയാത്രകൾ പഠനതന്ത്രമാക്കുന്നു
- പഠനനേട്ടങ്ങൾ ആർജ്ജിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം പഠനയാത്രയ്ക്കായി തെരെഞ്ഞെടുക്കുന്നു.
- ആസൂത്രണത്തിൽ കുട്ടിയും പങ്കാളി
- പഠനയാത്രയുടെ അക്കാദമിക ലക്ഷ്യത്തിൽ നിന്നും കുട്ടികൾ വ്യതിചലിക്കുന്നില്ല എന്നുറപ്പാക്കണം
- യാത്രയുടെ ഫലമായി കുട്ടികളുടെ പഠനോൽപ്പന്നങ്ങളുണ്ടാകണം
- ഒന്നിലധികം വിഷയങ്ങളുടെ പഠനനേട്ടങ്ങൾ മുന്നിൽ കണ്ടുകൊണ്ട് വേണ്ടത്ര ആസൂത്രണത്തോടെ പഠനയാത്ര സംഘടിപ്പിക്കുന്നു.

### വ്യക്തിഗത ക്ലാസ് പി. ടി. എ.

കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് രക്ഷിതാക്കളെക്കൂടി പഠനപങ്കാളിയാക്കുകയെന്നത് വിദ്യാലയങ്ങൾ ഗൗരവമായി പരിഗണിക്കുന്ന മേഖലയാണ്. ശക്തമായ അധ്യാപക രക്ഷകർത്തൃബന്ധം സ്ഥാപിച്ചുകൊണ്ട് രക്ഷിതാവിന്റെ ഇടപെടൽ ഗുണാത്മകമാക്കുന്നു.

### ലക്ഷ്യങ്ങൾ

- സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷകർത്താവിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം വർദ്ധിപ്പിക്കുക
- അധ്യാപക - രക്ഷകർത്തൃബന്ധം ശക്തിപ്പെടുത്തി കുട്ടിക്ക് പഠന പ്രവർത്തനങ്ങൾ അനായാസമാക്കുന്നതിനുള്ള സാഹചര്യം രൂപപ്പെടുത്തുക.

- കുട്ടിയുടെ പഠനനേട്ടവും പഠന പിന്നോക്കാവസ്ഥയും യഥാസമയം രക്ഷകർത്താവിനെ ബോധ്യപ്പെടുത്തുകയും കൂട്ടായ ചർച്ചയിലൂടെ ബാധ്യതകളും പ്രശ്നങ്ങളും കണ്ടെത്തി പരിഹരിക്കുക.
- വിദ്യാലയം കുട്ടിക്ക് മറ്റൊരു വീടായി രൂപാന്തരപ്പെടുത്തുക

<u>പ്രവർത്തനങ്ങൾ</u>

- പി.റ്റി.എ. യിൽ കുട്ടികളെ ഉൾപ്പെടുത്തിയും ഉൾപ്പെടുത്താതെയും വിവരങ്ങൾ ചർച്ച ചെയ്യുന്നു.
- ആദ്യം കുട്ടിയുടെ നന്മയും സാധ്യതകളും രക്ഷകർത്താളുമായി പങ്കുവയ്ക്കുന്നു. അതിനുശേഷം പോരായ്മകളും അത് പരിഹരിക്കപ്പെട്ടാൽ ഉണ്ടാവുന്ന സാധ്യതകളും പങ്കുവ്യ്ക്കുന്നു.
- കുട്ടിയുടെ നിലവാരം ചർച്ചചെയ്യുന്നു.
- കുട്ടിയെ ഒഴിവാക്കിയുള്ള ചർച്ചയിൽ കുടുംബാന്തരീക്ഷ വിവരങ്ങൾ ചർച്ച.
- ഒരു രക്ഷകർത്താവുമായി കൂടിക്കാഴ്ച പരമാവധി 5 മിനിട്ട്

<u>ഹൈടെക് ക്ലാസ്മുറികൾ</u>

അധ്യാപക കൂട്ടായ്മയിലൂടെ ഏതാനും ക്ലാസ്മുറികൾ ഹൈടെക് ആക്കാനും അതിന്റെ പ്രവർത്തനം കുട്ടികളിലെത്തിക്കാനും സാധിച്ചു.

<u>ലക്ഷ്യം</u>

ഹൈടെക് ക്ലാസ്മുറിക്കനുയോജ്യമായ രീതിയിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണ ചെയ്യുക

<u>നേട്ടം</u>

ഇത്തരം പഠന സാമഗ്രിയുടെ ഉപയോഗത്തിലൂടെ കുട്ടികൾ പഠനത്തിൽ താൽപ്പര്യമുള്ളവരാകുകയും കുട്ടികളുടെ പഠനനിലവാരം ഉയരുകയും ചെയ്യുന്നു.

## <u>വീട്ടിലെ ടീച്ചർ അമ്മ</u>

എൽ.പി. ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ അമ്മമാർക്കുള്ള പ്രത്യേക പരിശീലനം

പലകുട്ടികളുടെയും പഠനപിന്നോക്കാവസ്ഥയ്ക്കു കാരണം വീട്ടിൽ നിന്നും വേണ്ടത്ര പഠന പിന്തുണ ലഭിക്കാത്തതാണെന്ന് അധ്യാപകർ അഭിപ്രായപ്പെട്ടു. ഈ സാഹചര്യത്തിൽ അമ്മമാരെ ബോധവൽക്കരിക്കാനായി ഒരു പരിശീലനത്തെക്കുറിച്ച് ചിന്തിക്കാം.

**പ്രവർത്തനരീതി**

രണ്ടു ക്ലാസ്സിലെ വീതം രക്ഷിതാക്കളെ സ്കൂളിലേക്ക് ക്ഷണിക്കുന്നു. കുട്ടിയുടെ കൂടെ ഇരുന്ന് പഠനത്തിൽ സഹായിക്കണം വീട്ടിലെ സാധാരണ സംഭാഷണത്തിൽ ഇംഗ്ലീഷ് ഉപയോഗം വർധിപ്പിച്ച് ഭാഷാപ്രയോഗ ശേഷി വർദ്ധിപ്പിക്കാം. ഗണിതത്തിൽ എവിടെയാണ് പ്രയാസം എന്ന് കൃത്യമായി തിരിച്ചറിഞ്ഞ് പരിഹാരം നൽകുക, മലയാളത്തിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പാക്കുന്നതിനുള്ള വിവിധ തന്ത്രങ്ങളും പങ്കുവയ്ക്കുന്നു.

കുടുംബത്തിലെ സമാധാനാന്തരീക്ഷം ഫലപ്രദമായ ആശയവിനിമയം ഉചിതമായ പ്രോത്സാഹനം അനാവശ്യ താരതമ്യം ഒഴിവാക്കുക കുട്ടിയുടെ പഠനകാര്യങ്ങൾ ടീച്ചറുമായി ചർച്ച ചെയ്യുക, നല്ല കഥകൾ പറഞ്ഞുകേൾപ്പിക്കുക, കുട്ടികളോടൊപ്പം കളിക്കുക തുടങ്ങിയ കാര്യങ്ങളും അമ്മമാരുമായി പങ്കിടുന്നു.

**ഭിന്നശേഷി**

**വിദ്യാർത്ഥികളുടെ ശേഷി വികസനം**

എല്ലാ ഭിന്നശേഷി വിദ്യാർത്ഥികൾക്കും ഒരേ രീതിയിലുള്ള പഠനതന്ത്രങ്ങളല്ല. മറിച്ച് അവർ നേരിടുന്ന പരിമിതികളും വെല്ലുവിളികളും പരിഗണിച്ച് മുന്നേറാനുള്ള പഠന ബോധന തന്ത്രങ്ങളും പഠനോപകരണങ്ങളുമാണ് ആവശ്യം. അധ്യാപകന്റെ ബോധനരീതിയിൽ മാറ്റം വരുത്തുക വഴി ഭിന്നശേഷി വിദ്യാർത്ഥികളുടെ പഠനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുമെന്ന തിരിച്ചറിവാണ് ഈ പ്രവർത്തനത്തിലൂടെ സാധ്യമായത്.

**ലക്ഷ്യങ്ങൾ**

- ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരിക പഠന പരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കുക
- അവരുടെ സവിശേഷ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുക
- പഠനം ആകർഷകവും ആസ്വാദ്യകരവുമാക്കുക
- അവസരവും പങ്കാളിത്തവും ഉറപ്പാക്കുക

**പ്രവർത്തനങ്ങൾ**

- രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തി
- കുട്ടികൾക്കും രക്ഷിതാക്കൾക്കും മെഴുകുതിരി ച്ന്ദനത്തിരി നിർ്മമാണ ശിൽപശാല
- സ്കൂളിൽ ആകെയുള്ള ഭിന്നശേഷി വിദ്യാർത്ഥികളെ ശേഷിക്കനുസരിച്ച് തരംതിരിച്ചു
- വിഷ്വൽ ലേണേഴ്സിന് കണ്ണട ലഭിക്കാനുള്ള പ്രവർത്തനം

**കോർണർ പി.റ്റി.എ.**

ക്ലാസ് പി.ടി.എ. യോഗങ്ങളിൽ ഭൂരിഭാഗം രക്ഷിതാക്കളും പങ്കെടുക്കാത്ത അവസ്ഥയും വിദ്യാർത്ഥികൾക്ക് പഠനനേട്ടങ്ങൾ ആർജ്ജിക്കാൻ കഴിയുന്നില്ല എന്ന തിരിച്ചറിവുമാണ് കോർണർ പി.റ്റി.എ. എന്ന ആശയത്തിലെത്തിയത്.

## ലക്ഷ്യങ്ങൾ

- അധ്യാപകർ കുട്ടിയുടെ യഥാർത്ഥ പ്രശ്നങ്ങളും സാധ്യതകളും മനസ്സിലാക്കാൻ ഓരോ വിദ്യാർത്ഥികളുടെയും വീടും പ്രദേശവും സന്ദർശിക്കുക
- ഓരോ വിദ്യാർത്ഥിയുടെയും പ്രശ്നങ്ങളും സാധ്യതകളും പഠിച്ച് പഠനപ്രവർത്തനങ്ങൾ നൽകുക
- കുട്ടികളുടെ പഠനത്തിൽ രക്ഷിതാവിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുക
- അവസരവും പങ്കാളിത്തവും ഉറപ്പാക്കുക

## പ്രവർത്തനം

ഓരോ പ്രദേശവും കേന്ദ്രീകരിച്ച് 3 അധ്യാപകരെ നിയോഗിക്കുന്നു. ഓരോ പ്രദേശത്തെയും രക്ഷിതാക്കളെ ഒരുമിച്ചു കൂടാൻ പറ്റിയ വീടോ അംഗൻവാടിയോ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തുക . ഓരോ പ്രവർത്തന പദ്ധതിയും സമയബന്ധിതവും ഉദ്ദേശിച്ച് ലക്ഷ്യം ഏകദേശം സാധിതമാകുന്നതുമാണ്. അതു വ്യക്തമാക്കുന്ന സ്വയം വിലയിരുത്തൽ രീതിയാണ് താഴെ പറയുന്നത്.

## ഭാഷാവികാസം

### വിഷയം – മാതൃഭാഷ

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക
- എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനു അനുയോജ്യമായ വിധം മികച്ച് ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക
- കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുന്ന ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കാനുള്ള കഴിവു നേടുക.
- ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക സാധ്യതകളെ പ്രയോജനപ്പെടുത്തുക

## ഗുണമേന്മാ വിദ്യാഭ്യാസം

- സംഘപഠനത്തോടൊപ്പം വ്യക്തിഗത വിലയിരുത്തലും നടക്കുന്നു
- തുടർച്ചയായ മൂല്യനിർണ്ണയ പ്രക്രിയ
- ശാസ്ത്ര വിഷയങ്ങളും ഗണിതവും മറ്റും പ്രയോഗത്തിലൂടെയും ആധുനിക സാങ്കേതിക വിദ്യയിലൂടെയും അറിയുന്നു.

**പരിസരബന്ധം**

- പഠനത്തോടൊപ്പം കുട്ടി പരിസരത്തെയും അറിയുന്നു
- സ്കൂൾ പരിസരം മനോഹരമാക്കാനറിയുന്ന കൃഷിരീതികളറിയുന്നു

**ഭിന്ന ശേഷീ വികാസം**

- തങ്ങളോടൊപ്പം ഭിന്നശേഷിക്കാരെയും ഉൾക്കൊള്ളാനുള്ള മനസ് കുട്ടിക്കുണ്ടാകും എന്ന് ഉറപ്പ് വരുത്തക
- തങ്ങളോടൊപ്പം മറ്റ് കുട്ടികളുമുണ്ട് എന്ന തിരിച്ചറിവ് ഭിന്നശേഷിക്കാർണ്ടാകും എന്ന് ഉറപ്പ് വരുത്തുക
- അവർക്കനുയോജ്യമായ രീതിയിൽ ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക
- അവർ അംഗീകരിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക
- വ്യത്യസ്ഥ പഠനതന്ത്രങ്ങൾ ആവിഷ്ക്കരിച്ചത് അവർക്ക് ഉൾകൊള്ളാൻ സാധിച്ചു എന്നുറപ്പു വരുത്തുക.

**ഹ്രസ്വകാല പ്രവർത്തനങ്ങൾ**

- അർത്ഥപൂർണ്ണമായ വായന
- ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ
- പതിപ്പുകൾ തയ്യാറാക്കൽ
- ഇംഗ്ലീഷ് റോൾപ്ലേ, spoken English classes.
- ഹിന്ദി പാഠഭാഗങ്ങളുടെ നാടകീകരണം
- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
- ഗണിതലാബ് തയ്യാറാക്കുന്നു. അറ്റ്ലസ് നിർമ്മാണ പരിശീലനം
- ശാസ്ത്രാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

**മധ്യകാല പ്രവർത്തനങ്ങൾ**

- അഞ്ചുഭാഷകളിൽ വായനാമത്സരം കൈയ്യെഴുത്ത് മത്സരം
- വിവിധ മേഖലകളിൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുക
    - മാലിന്യമുക്ത ക്യാമ്പസ്
    - ലഹരിമുക്തക്യാമ്പസ്
- ഇംഗ്ലീഷ് ഫെസ്റ്റ്, മലയാളം ഫെസ്റ്റ്
- ലഘു പ്രോജക്ട് തയ്യാറാക്കുന്നു.
- പട്ടികകൾ ഹൃദിസ്ഥമാക്കുന്നു
- സെമിനാർ പ്രസന്റേഷൻ

- സർവ്വേ
- പഠനപിന്നോക്കാവസ്ഥ പരിഹരിക്കൽ
- ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നു
- കലാസ്വാദനം

<u>ദീർഘകാല പ്രവർത്തനങ്ങൾ</u>

- പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം കുട്ടികളിൽ എത്തിക്കുന്ന പലവിധ പ്രവർത്തനങ്ങൾ
- ദേശസ്നേഹിയും ദേശത്തിന് ഉപകാരിയുമായി വളർന്നുവരുവാൻ തക്ക മനോഭാവങ്ങൾ അവനിൽ രൂപപ്പെടുത്തുക
- സോഷ്യൽ സയൻസ് ലൈബ്രറി വിപുലീകരണം
- അതാതു ക്ലാസ്സിൽ നേടേണ്ട ഗണിത ശേഷികൾ നേടിപോകുക
- പാരിസ്ഥിതിക അവബോധം സാമൂഹിക അവബോധം, മാലിന്യനിർമ്മാർജ്ജന അവബോധം, വിമർശന അവബോധം എന്നിവ ഉൾക്കൊള്ളാൻ തക്ക അനുഭവങ്ങൾ പ്രദാനം ചെയ്യുക
- ശിൽപശാലകൾ

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ മേഖലയിൽ നവചൈതന്യം സൃഷ്ടിച്ചിരിക്കുന്നു. സമൂഹപങ്കാളിത്തത്തോടെ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യം ഉയർത്തുക എന്നതും ഇതിന്റെ കർമ്മമേഖലയിൽ പെടുന്നു. ജൈവവൈവിധ്യ ഉദ്യാനം, ഹൈടെക് വിദ്യാഭ്യാസം, ക്ലാസ് ലൈബ്രറി, മലയാളത്തിളക്കം നവപ്രഭ ശ്രദ്ധ പോലെയുള്ള പ്രവർത്തനങ്ങൾ എന്നിവ നാം ഏറ്റെടുത്തു. നല്ലവായന, നല്ലപാഠം നല്ലജീവിതം എന്ന ആശയം വിദ്യാർത്ഥികളിൽ എത്തിക്കുവാനും അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനും അക്കാദമിക മാസ്റ്റർപ്ലാൻ പ്രവർത്തനങ്ങളിലൂടെ നമ്മുടെ വിദ്യാലയത്തിനു സാധിതമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.